പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3472</u> <u>14.03.2017-ൽ മറുപടിയ്ക്ക്</u>

## <u>ലൈറ്റ് മെട്രോ പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.ബി.സത്യൻ<br>,, കെ. ദാസൻ<br>,, പി.ടി.എ. റഹീം<br>,, കെ. ആൻസലൻ: | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;<br><br>(ബി) പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) & (ബി) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ജി.ഒ.(എം.എസ്) നം.74/2015/പൊ.മ.വ., തീയതി 11.09.2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി കൊച്ചി - മെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ-ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾ ക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി-യെ നിയമിച്ചു |

കൊണ്ടുള്ള കരാർ 20.01.2016-ന് ഒപ്പു വയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യങ്ങൾ -ക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും, ജി.ഒ.(എം.എസ്)നം.196/2016/റവന്യൂ. തീയതി 1.03.2016 പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.

08.09.2016-ലെ ജി.ഒ.(എം.എസ്) നം.67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കു വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി.

ജില്ലാ കളക്ടർമാർ പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മേട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം - കേശവദാസപുരം പാതവികസനത്തിനും 16.01.2017-ലെ ജി.ഒ.(ആർ.റ്റി)79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി1) | പദ്ധതിക്കുവേണ്ട ഫണ്ടിംഗ് രീതിയും ഏജൻസികൾ ഏതൊക്കെയെന്നും അറിയിക്കാമോ? | (സി) | ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചി-രിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും കണ്ടെത്ത ണമെന്നാണ് ഡി.പി.ആർ-ൽ വിഭാവനം ചെയ്തിരിക്കുന്നത്. ബാക്കി 60% തദ്ദേശ വിദേശ വായ്പകൾ വഴി സ്വരൂപിക്കാനാണ് ഡി.പി.ആർ നിർദ്ദേശിക്കുന്നത്. പദ്ധതിക്കാവശ്യമായ വായ്പ ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയായ എ.എഫ്.ഡി-യിൽ നിന്ന് സമാഹരിക്കുന്നതിന് 8.09.2016-ലെ ജി.ഒ.(എം.എസ്)നം.67/2016/ പി.ഡബ്ല്യൂ.ഡി. പ്രകാരം തീരുമാനിച്ചിരിക്കുന്നത്.<br>തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ ഉപപദ്ധതിയായ മേൽപ്പാലങ്ങളുടെ (പട്ടം,ശ്രീകാര്യം ഉള്ളൂർ) നിർമ്മാണത്തിനുള്ള തുക കിഫ്ബിയിൽ - യിൽ നിന്ന് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ